**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 880** **24-02-2022 - ൽ മറുപടിയ്ക്ക്**

**നെയ്യാർ വന്യജീവി സങ്കേതത്തിലെ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല നിയോജകമണ്ഡലത്തിലെ നെയ്യാർ വന്യജീവി സങ്കേതത്തിൽ വനം വകുപ്പിനു കീഴിൽ ഇരുപത് വർഷത്തിലധികമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന എത്ര ജീവനക്കാരുണ്ട്; തസ്തിക തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | 15/02/2022 വരെ, 6 പേർ വാച്ചർ തസ്തികയിൽ ജോലി നോക്കി വരുന്നുണ്ട്. |
| (ബി) | ഇത്തരത്തിൽ ജോലി നോക്കിയിരുന്ന എത്ര ജീവനക്കാരെ ഇതിനോടകം സ്ഥിരപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 14/05/2015-ലെ സ.ഉ.(കൈ) നം. 29/2015/വനം ഉത്തരവിന്റെ അടിസ്ഥാനത്തിൽ 13 ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |
| (സി) | വനം വകുപ്പിനു കീഴിൽ ഇരുപത് വർഷത്തിലധികമായി താത്കാലികാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | വനം വകുപ്പിനു കീഴിൽ 20 വർഷത്തിലധികം തുടർച്ചയായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന 269 ജീവനക്കാരെ 14/05/2015-ലെ സ.ഉ.(കൈ) നം. 29/2015/വനം, 28/12/2015-ലെ സ.ഉ.(കൈ) നം. 110/2015/വനം, 03/11/2019-ലെ സ.ഉ. (കൈ) നം. 31/2019/വനം ഉത്തരവുകൾ പ്രകാരം സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിട്ടുണ്ട്. Writ Appeal No. 2084/2018-മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 22/02/2021-ലെ ഉത്തരവിൽ, ബഹു. സുപ്രീം കോടതിയുടെ Appeal (Civil) 3595-3612 of 1999 (സെക്രട്ടറി, സ്റ്റേറ്റ് ഓഫ് കർണ്ണാടക V/s ഉമാദേവി) നമ്പർ കേസ്സിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സർക്കാർ വകുപ്പിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിന് കീഴിൽ 20 വർഷത്തിലധികമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ കഴിയില്ലെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ